പത്രക്കുറിപ്പ്
19–7–2017

# ‘ജീവനം’ കാമ്പെയ്നിലൂടെ കുടുംബശ്രീ 3000 പുതിയ സംരംഭങ്ങൾ തുടങ്ങും: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി.ജലീൽ

തിരുവനന്തപുരം: ജീവനം കാമ്പെയ്ൻ പ്രവർത്തനങ്ങളിലൂടെ അടുത്ത ഒരു വർഷത്തിനുള്ളിൽ വൈവിധ്യമാർന്ന സൂക്ഷ്മസംരംഭങ്ങൾ ഉൾപ്പെടെ മൂവായിരം പുതിയ സംരംഭങ്ങൾ തുടങ്ങുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി.ജലീൽ പറഞ്ഞു. കുടുംബശ്രീ സൂക്ഷ്മസംരംഭമേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഒരു വർഷം നീണ്ടു നിൽക്കുന്ന കാമ്പെയ്ൻ ‘ജീവനം–2017’ന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിലവിൽ 31000 ത്തിലധികം സൂക്ഷ്മസംരംഭങ്ങൾ കുടുംബശ്രീയുടെ കീഴിലുണ്ട്. പരമ്പരാഗത സംരംഭങ്ങളിൽ നിന്നു മാറി വ്യത്യസ്തവും പുതുമയുള്ളതുമായ സംരംഭങ്ങൾ തുടങ്ങാനാണ് ജീവനം കാമ്പെയ്ൻ വഴി ലക്ഷ്യമിടുന്നത്. കുടുംബശ്രീ കുടുംബാംഗങ്ങളായ വിദ്യാസമ്പന്നരായ ചെറുപ്പക്കാരുടെ നേതൃത്വത്തിൽ പാരലൽ കോളേജുകൾ തുടങ്ങാനാകും. കൂടാതെ ഈ സംവിധാനത്തിൽ പാരാമെഡിക്കൽ കോഴ്സ് പൂർത്തിയാക്കിയ നിരവധി പെൺകുട്ടികളുണ്ട്. ഇവരിൽ നിന്നും സമർത്ഥരായവരെ കണ്ടെത്തി ഫിസിയോ തെറാപ്പി സെന്ററുകളും മെഡിക്കൽ ലാബുകളും ആരംഭിക്കാൻ കഴിയും. വരുമാനദായക സൂക്ഷ്മസംരംഭ മേഖലയിൽ പുതിയവ തുടങ്ങുന്നതിനോടൊപ്പം നിലവിലുള്ള സംരംഭങ്ങളെ ശക്തിപ്പെടുത്താൻ മികച്ച തൊഴിൽ വൈദഗ്ധ്യ പരിശീലനങ്ങളും സാമ്പത്തിക പിന്തുണയും നൽകും. തീരദേശ മേഖലയിലും കുടുംബശ്രീ സംരംഭങ്ങൾ തുടങ്ങും. ജീവനം കാമ്പെയ്നിലൂടെ നിലവിലെ സംരംഭകർക്ക് അതു കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കൂടാതെ പുതിയ സംരംഭങ്ങൾ തുടങ്ങുന്നവർക്ക് മികച്ച വരുമാനം നേടാനും കുടുംബശ്രീ വനിതകൾക്ക് അവസരം ലഭ്യമാകുമെന്നും മന്ത്രി വ്യക്തമാക്കി.

കുടുംബശ്രീ വൈവിധ്യമാർന്ന ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനോടൊപ്പം അവയുടെ വിപണനമാർഗങ്ങളും ശക്തിപ്പെടുത്തണമെന്ന് അധ്യക്ഷ പ്രസംഗത്തിൽ കെ.മുരളീധരൻ എം.എൽ.എ പറഞ്ഞു. കുടുംബശ്രീ ഉൽപന്നങ്ങൾ ലഭ്യമാകുന്ന സ്ഥിരം വിപണനകേന്ദ്രങ്ങൾ തുടങ്ങണം. കടുത്ത മത്സരം നടക്കുന്ന വിപണിയിൽ ഉപഭോക്താക്കളിലേക്ക് ഗുണനിലവാരമുള്ള ഉൽപന്നങ്ങൾ എത്തിക്കുന്നതിനായി മാർക്കറ്റിങ്ങ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കുടുംബശ്രീ ശക്തമാക്കണമെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ മധു മുഖ്യപ്രഭാഷണം നടത്തി. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ.കെ.തുളസി ടീച്ചർ, കുടുംബശ്രീ ഡയറക്ടർ എസ്.നിഷ, ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ (ലൈവ്ലിഹുഡ്) അജിത് ചാക്കോ, ജില്ലാ പഞ്ചായത്ത് അംഗം ഉഷാകുമാരി എന്നിവർ ആശംസാ പ്രസംഗം നടത്തി. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ പ്രമോദ് കെ.വി സ്വാഗതവും തിരുവനന്തപുരം ജില്ലാമിഷൻ കോ–ഓർഡിനേറ്റർ കെ.ആർ.ഷൈജു നന്ദിയും പറഞ്ഞു.

ഫോട്ടോ–അടിക്കുറിപ്പ്: കുടുംബശ്രീ ജീവനം കാമ്പെയ്ന്റെ സംസ്ഥാനതല ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി.ജലീൽ നിർവഹിക്കുന്നു

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ